(2) വിവിധ സർക്കാർ/തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുവേണ്ടി സൗരോർജ്ജ പദ്ധതികളുടെ രൂപകല്പനയും നിർവ്വഹണവും

(3) എക്സൈസ് വകുപ്പിനുവേണ്ടി അതീവ സുരക്ഷാ ഹോളോഗ്രാം ലേബൽ നിർമ്മാണം

(4) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓൺലൈൻ പൊതുജന പരാതി പരിഹാര സംവിധാനമായ സ്റ്റേയിറ്റ് ഫോർവേഡിന്റെ രൂപകല്പനയും നിർവ്വഹണവും

(5) സംസ്ഥാന മോട്ടോർ വാഹന വകുപ്പിനുവേണ്ടി ഫെസിലിറ്റി മാനേജ്മെന്റ് സർവ്വീസ് പ്രോജക്ട് നിർവ്വഹണം

(6) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരും പ്രൊഫഷണൽ യോഗ്യത നേടിയവരുമായവർക്ക് ജോലി നേടുന്നതിനാവശ്യമായ ഹ്രസ്വകാല പരിശീലനം നൽകുന്ന സൈബർശ്രീ പ്രോജക്ട്

(7) ട്രീ ബാങ്ക് പ്രോജക്ടിന്റെ ഭാഗമായി മലയാളഭാഷാ കംപ്യൂട്ടിംഗിൽ ഗവേഷണം

(8) സർക്കാർ സ്ഥാപനങ്ങളിലെ പുരാരേഖകൾ തൽസ്ഥലത്തുതന്നെ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതി

(9) റേഷൻ കാർഡ് വിതരണത്തിനുള്ള സാങ്കേതിക നിർവ്വഹണ സംവിധാനം

(10) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, സാമൂഹ്യനീതി വകുപ്പ്, ഓൺലൈൻ എക്സാമിനേഷൻ സോഫ്റ്റ്‌വെയർ തുടങ്ങി വിവിധ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സോഫ്റ്റ്‌വെയർ ഡിസൈൻ, വികസന പ്രവൃത്തികൾ

**അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിലുണ്ടായ പ്രശ്നങ്ങൾ**

28(*28) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റിന്റെ കാലത്ത് അഭിഭാഷകരും മാധ്യമ പ്രവർത്തകരും തമ്മിൽ സംഘർഷമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) ഈ പ്രശ്നത്തിൽ എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) പ്രശ്നപരിഹാരത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദീകരിക്കുമോ;

(ഡി) കോടതി നടപടികൾ റിപ്പോർട്ട് ചെയ്യുന്നതിൽ മാധ്യമ പ്രവർത്തകർക്കേർപ്പെടുത്തിയ വിലക്ക് നീക്കാൻ ഇടപെടുമോ; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഈ സർക്കാരിന്റെ കാലത്ത് അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിൽ തിരുവനന്തപുരം സിറ്റി, എറണാകുളം സിറ്റി, ആലപ്പുഴ എന്നീ ജില്ലകളിലെ കോടതി പരിസരങ്ങളിൽവച്ച് സംഘർഷമുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് ടി ജില്ലകളിൽ 14 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി - ഡി) നിയമലംഘനങ്ങളിൽ കുറ്റക്കാർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിൽ ഭാവിയിലുണ്ടാകുന്ന തർക്കങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനായി അഡ്വക്കേറ്റ് ജനറലിന്റെ നേതൃത്വത്തിൽ അഭിഭാഷകരുടേയും മാധ്യമപ്രവർത്തകരുടേയും പ്രതിനിധികൾ ഉൾപ്പെടുന്ന സമിതിക്ക് രൂപം നൽകിയിട്ടുണ്ട്. പോലീസുകാർകൂടി ഉൾപ്പെടുന്ന തർക്കങ്ങളിൽ ഡി.ജി.പി., ജില്ലാ പോലീസ് സൂപ്രണ്ട് എന്നിവർ കൂടി സമിതിയിൽ അംഗങ്ങളായിരിക്കും.

## നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

29(*29) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിർത്താനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ;

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിപണനം നടത്തുന്ന സാധനങ്ങൾ ഗുണമേന്മയുള്ളവയാണെന്നും അവ ആവശ്യത്തിന് ലഭ്യമാകുന്നുണ്ടെന്നും ഉറപ്പാക്കാൻ സ്വീകരിച്ച നടപടി അറിയിക്കാമോ;